## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1990 — 17. 06. 2014 ൽ മറുപടിക്ക്

### വൈദ്യുതി സപ്ലൈ കോഡ് പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, അൻവർ സാദത്ത്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, വി. പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ;വിശദമാക്കുമോ; | (എ) വൈദ്യുതി സപ്ളൈകോഡ് 2005, 31.03.2014 വരെയാണ് നിലവിലുണ്ടായിരുന്നത്. 2014 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ ടി സപ്ളൈ കോഡ് പരിഷ്ക്കരിച്ച് ഇലക്ട്രിസിറ്റി സപ്ളൈകോഡ് 2014 പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ; | (ബി) പുതിയ സപ്ളൈകോഡ് മുഖേന താഴെ കൊടുക്കുന്ന പ്രധാന പ്രയോജനങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.<br>1. ലൈസൻസിയും ഉപഭോക്താവും തമ്മിലുള്ള ഇടപാടുകൾ കൂടുതൽ സുതാര്യവും ഉപഭോക്തൃസൗഹൃദപരവും ആകും.<br>2. ലൈസൻസി ഉപഭോക്താവിനു നൽകേണ്ട സേവനങ്ങൾ സമയബന്ധിതമാക്കിയിട്ടുണ്ട്.<br>3. പുതിയ കണക്ഷനുകൾ ലഭ്യമാക്കുക, നിലവിലുള്ള കണക്ഷൻ മറ്റൊരാളിന്റെ പേരിൽ മാറ്റുക, ലോഡ് വ്യത്യാസപ്പെടുത്തുക, വോൾട്ടേജ് ലവൽ മാറ്റുക, കാറ്റഗറി മാറ്റുക |

എന്നിവയ്ക്കുള്ള നടപടി ക്രമങ്ങളും സമയ പരിധികളും വ്യക്തമായി നിശ്ചയിച്ചിട്ടുണ്ട്

4. കേന്ദ്ര വൈദ്യുതി അതോറിറ്റി 2010 -ൽ പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ എല്ലാ തലങ്ങളിലും ബാധകമാക്കിച്ചിട്ടുണ്ട്.
5. ഉപഭോക്താക്കൾക്ക് സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ലൈസൻസിയുടെ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാകും.
6. മീറ്റർ ഘടിപ്പിക്കാത്ത, തെരുവുവിളക്കുകൾക്കുള്ള കണക്ഷനുകളിൽ സമയബന്ധിതമായി മീറ്റർ ഘടിപ്പിയ്ക്കാൻ വ്യവസ്ഥയുണ്ട്

(സി) വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വൈദ്യുതി സപ്ലൈകോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോഡ് 2014 പ്രകാരം ലഭ്യമാകുന്ന പ്രധാന ആനുകൂല്യങ്ങൾ താഴെപ്പറയുന്നു.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു മാസം 30 യൂണിറ്റിൽ കുറവേ വൈദ്യുതി ആവശ്യമുള്ളൂവെങ്കിൽ അവർ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതില്ല.
2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക്, പഴയ കെട്ടിടം പൂർണ്ണമായി പൊളിച്ചുമാറ്റി പുതിയത് നിർമ്മിയ്ക്കുന്ന അവസരങ്ങളിൽ പഴയ കണക്ഷൻ നിലനിർത്തി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാവുന്നതാണ്.
3. 'പ്രൊട്ടക്റ്റഡ് ലോഡ്' പദവിയുള്ള ഉപഭോക്താക്കൾക്ക് ചില ഉപാധി

| | | | |
|---|---|---|---|
| | | | കൾക്കു വിധേയമായി വൈദ്യുതി നിയന്ത്രണം ബാധകമാക്കുകയില്ല.<br>4. ഉപഭോക്താക്കൾ അവർക്ക് മാത്ര മായി നിർമ്മിയ്ക്കുന്ന സർവ്വീസ് ലൈനിന്റെ ചെലവു മാത്രം വഹി ച്ചാൽ മതി. |
| (ഡി) | എന്നു മുതലാണ് പുതിയ കോഡ് പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പുതിയ സപ്ളൈകോഡ് 2014 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. |

സെക്ഷൻ ഓഫീസർ